₹ 5/-

# റിയൽ ലൈഫ് വോയ്സ്

## R E A L   L I F E   V O I C E

Monthly

Volume 13
Issue 11

**May 2025**

pages 24

"അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു"

**(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 13 Issue 11 May 2025 pages 24 Rs.5/**

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in


*Real Life Voice is a Christian magazine*
*dedicated to studying the Word of God and analysing current events*


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


## Book No. 161

## ഉള്ളടക്കം

പേജ്


- **വിശ്വാസഗോളത്തിലെ യുവാക്കൾ** 3
- **പ്രതികരണങ്ങൾ** 6
- **ആസ്യയിലെ ഏഴ് സഭകൾ** (15) 7
- **കെ. വി. ഐസക്ക്**(അഭിമുഖം)(14) 10
- **യോനാ** (പുസ്തകപഠനം) (12) 13
- **കോഴിയോ ബ്യൂഗിളോ?** 16
- **എം.എ. ജോസ് (അനുസ്മരണം)** 18
- **ഇമ്മാനുവിന്റെ സംശയങ്ങൾ** (46) 21
- **എന്തു സുഖമെടോ, ദുഷ്ടനേ?** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# വിശ്വാസഗോളത്തിലെ യുവാക്കൾ

## (Youth in the Faith Sphere)

ഈയിടെ പെന്തെക്കോസ്ത് സഭകളുടെ രണ്ട് യൂത്ത്ക്യാമ്പുകളിൽ എനിക്ക് അടുത്തടുത്ത ദിവസങ്ങളിൽ ക്ലാസ്സെടുക്കാൻ അവസരമുണ്ടായി. ഒന്ന്, തൃശ്ശൂരിൽ (ഏപ്രിൽ 29); രണ്ട്, ബാംഗ്ലൂരിൽ (മെയ് 1). ആദ്യത്തേതിൽ 105 പേരും രണ്ടാമത്തേതിൽ 283 പേരും പങ്കെടുത്തു. ദൈവത്തിനു സ്തോത്രം! ഇതിൽ ഒരു മീറ്റിംഗിന് എന്നെ ക്ഷണിച്ചപ്പോൾ സംഘാടകർ പറഞ്ഞത് ഇങ്ങനെയായിരുന്നു: “ഈയിടെ ഒരു നഴ്സിങ് കോളേജിൽ ക്രൂരമായ വിധം റാഗിംങ് നടത്തിയതിന്റെ പേരിൽ 5 ആൺകുട്ടികളെ സസ്പെൻഡ് ചെയ്തില്ലേ? അതിൽ ഒരെണ്ണം ഒരു പാസ്റ്ററുടെ മകനാണ്.” ഒരു ഞെട്ടലോടെയാണ് ഞാൻ അത് കേട്ടത്. ദൈവമക്കൾ കൊടുക്കുന്ന പണം കൊണ്ട്, ജീവിക്കുകയും ഇത്രത്തോളം എത്തുകയും ചെയ്ത ആ യുവാവ്, ദൈവസഭയ്ക്ക് ഉപകാരപ്പെടേണ്ടതിനുപകരം പിശാചിന്റെ കൈയ്യിലേക്ക് തന്നെത്തന്നെ ഏല്പിച്ചുകൊടുത്തുവെന്നോ!

രണ്ടാമത്തെ യൂത്ത്മീറ്റിംഗിന് വിളിച്ചപ്പോൾ അതിന്റെ സംഘാടകരിൽ ഒരാൾ പറഞ്ഞത് ഇങ്ങനെ: “നമ്മുടെ യുവാക്കളെല്ലാം നശിച്ചുപോകുന്നു. അവർക്കുവേണ്ടത് ഡാൻസും കൂത്തുമല്ല, നല്ല സന്ദേശങ്ങളാണ്.” ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ യുവാക്കൾക്കുവേണ്ടി നല്ല സന്ദേശങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നതിലൂടെ അവരിൽ മാറ്റങ്ങൾ വരുത്താൻ കഴിയും എന്ന് അദ്ദേഹം പറഞ്ഞു. സഭകളിലെ യുവാക്കളെയും കൗമാരക്കാരെയും സംബന്ധിച്ചു സഭാശുശ്രൂഷകന്മാർക്കുള്ള ആധിയും ആശങ്കയും അങ്കലാപ്പും വെളിപ്പെടുത്തുന്ന സംസാരങ്ങളാണിതെല്ലാം. വിദേശത്തു പോവുക, പെട്ടെന്ന് വളരെക്കൂടുതൽ പണം സമ്പാദിക്കുക എന്നീ രണ്ട് ആഗ്രഹങ്ങൾ (അതോ അത്യാഗ്രഹങ്ങളോ!) പേറി ജീവിക്കുന്ന ഇന്നത്തെ യുവാക്കൾ ആത്മികതയ്ക്ക് അശേഷം സ്ഥാനം കൊടുക്കുന്നില്ല.

ആരാണ് ഇതിനെല്ലാം ഉത്തരവാദികൾ? ഒന്നാമത്, മാതാപിതാക്കൾ തന്നെ. സംശയം വേണ്ട. കുഞ്ഞുനാൾ മുതൽ അവരുടെ താളത്തിനൊത്ത വിധം തുള്ളുന്ന മാതാപിതാക്കൾ, അവർ വാശി പിടിച്ചാൽ അത് സാധിച്ചു കൊടുക്കുന്ന മാതാപിതാക്കൾ, സഭായോഗങ്ങളിലും സൺഡേക്ലാസ്സുക

ളിലും തങ്ങളുടെ മക്കളെ അടക്കിയിരുത്തി പരിശീലിപ്പിക്കാത്ത മാതാപിതാക്കൾ, മക്കൾ പറയുന്നതെന്തും അന്ധമായി വിശ്വസിക്കുന്ന മാതാപിതാക്കൾ, മക്കളെ ശാസിക്കുന്നതോ ശിക്ഷിക്കുന്നതോ തെറ്റാണെന്നു ചിന്തിക്കുന്ന മാതാപിതാക്കൾ...

ഇത്തരം മാതാപിതാക്കൾ വളർത്തിവലുതാക്കുന്ന കുഞ്ഞുങ്ങൾ ബാല്യവും കൗമാരവും യൗവനവും എല്ലാം പിന്നിടുന്നത് കുഞ്ഞുനാൾ മുതൽ അവരിൽ മുളയെടുത്ത് വളർന്നുവികസിച്ച വികലമായ സ്വഭാവത്തോടുകൂടിത്തന്നെയാണ്. ഭക്തിക്ക് അവരിൽ സ്ഥാനമില്ല. എല്ലാം വെറും പ്രകടനങ്ങൾ മാത്രം. എല്ലാം വെറും അഭിനയം മാത്രം. ദൈവം വെറുക്കുന്ന ദ്രവ്യാഗ്രഹം, വ്യഭിചാരം (പ്രേമം), ലോകസ്നേഹം എന്നിവയെല്ലാം നമ്മുടെ കൗമാരക്കാരിലും യൗവനക്കാരിലും കണ്ടുവരുന്നു. ബൈബിൾ സ്ഥിരമായി വായിക്കുന്നവർ കുറവ്. വ്യക്തിപരമായി പ്രാർത്ഥിക്കുന്നവർ അധികമില്ല. സഭായോഗങ്ങളെ അലക്ഷ്യമായി കരുതുന്നവർക്കു കുറവില്ല. കുടുംബപ്രാർത്ഥനകൾക്ക് വരില്ല. ഈ പോക്കുപോയാൽ നമ്മുടെ സഭകളിലെ യൗവനക്കാരും കൗമാരക്കാരും എവിടെ ചെന്നെത്തും? നമ്മുടെ സ്ഥലം സഭകളുടെ ഭാവിയെന്താകും?

ഇവരുടെ നാശത്തിന്റെ രണ്ടാമത്തെ ഉത്തരവാദികൾ സഭാശുശ്രൂഷകന്മാരാണ്. പ്രായോഗിക ക്രിസ്തീയജീവിതത്തിന് പ്രാധാന്യം കൊടുക്കാത്ത ബൈബിൾപ്രസംഗങ്ങൾകൊണ്ട് ആർക്കും വലിയ പ്രയോജനമൊന്നുമില്ല. വെളിപ്പാടുപുസ്തകത്തിന്റെ ഉള്ളറകളിലുള്ളത് തപ്പിത്തിരഞ്ഞ് പുറത്തിട്ട് കേൾവിക്കാരെ പ്രസംഗകൻ വിസ്മയിപ്പിക്കുമ്പോൾ, അതിൽനിന്നും നാം മനസ്സിലാക്കേണ്ടതും അനുസരിക്കേണ്ടതുമായ കാര്യങ്ങൾ കൂടി പറയേണ്ടതുണ്ട്. ചീർപ്പിക്കുന്ന (അഹങ്കാരിയാക്കുന്ന) അറിവുകൾകൊണ്ട് പ്രയോജനമൊന്നുമില്ല. അനുസരണത്തിലേക്ക് നയിക്കുന്ന അറിവുകളാണ് നമുക്കാവശ്യം.

സഭാശുശ്രൂഷകന്മാർ വരുത്തുന്ന അടുത്ത പിഴവ്, ബോറടിപ്പിക്കുംവിധം ദൈർഘ്യമേറിയ ശുശ്രൂഷകളാണ്. ഞായറാഴ്ചയോഗങ്ങൾക്കും മറ്റു യോഗങ്ങൾക്കും ആരംഭിക്കുന്നതിനും അവസാനിക്കുന്നതിനും കൃത്യമായ സമയം വച്ച് അത് കൃത്യമായി പാലിക്കാൻ ശുശ്രൂഷകന്മാർ ശ്രദ്ധിക്കണം. അനാവശ്യമായ സമയംകളയൽ (lag) പല ശുശ്രൂഷകന്മാരുടെയും വിനോദമാണ്. സമയം നഷ്ടപ്പെടുത്തുന്നതും യോഗത്തിന്റെ ദൈർഘ്യം കൂട്ടുന്നതും ഏതോ വലിയ കാര്യമാണെന്ന് ഇവർ ചിന്തിക്കുന്നു. ഇത്തരം ശുശ്രൂഷകന്മാർക്ക് അർജന്റായി വല്ലയിടത്തേക്കും പോകാനുണ്ടെങ്കിൽ അന്ന് യോഗം നേരത്തെ അവസാനിപ്പിക്കുകയും ചെയ്യും. ഇത്തരം ക്രമക്കേടുകൾ ഇന്നത്തെ യുവാക്കളിൽ അതൃപ്തിയുണ്ടാക്കുക സ്വാഭാവികമാണ്.

സഭാശുശ്രൂഷകന്മാരുടെ ഭാഗത്തുനിന്ന് വരുന്ന മൂന്നാമത്തെ പിഴവ്, അവരുടെ മാതൃകയില്ലാത്ത ജീവിതമാണ്. ഉപദേശത്തിലും പ്രസംഗത്തിലും കേമനായ ശുശ്രൂഷകൻ പ്രായോഗികജീവിതത്തിൽ സമ്പൂർണ്ണപരാജയം എന്നു വന്നാൽ എന്താണ് പ്രയോജനം? കുടുംബജീവിതത്തിൽ സമ്പൂർണ്ണ പരാജയമായ ശുശ്രൂഷകന്മാർ, കള്ളത്തരം കാണിക്കുന്ന ശുശ്രൂഷകന്മാർ, വ്യാജരേഖകൾ ഉണ്ടാക്കുന്ന ശുശ്രൂഷകന്മാർ... ഇവരെല്ലാം കാണിക്കുന്ന ദുർമാതൃകാസ്വഭാവങ്ങൾ കാണുന്ന യുവതലമുറ, സഭയിൽനിന്നും ദൈവ ത്തിൽനിന്നും അകന്നുപോകുന്നു.

മാതാപിതാക്കളും സഭാശുശ്രൂഷകന്മാരും നല്ല മാതൃക കാണിച്ചിട്ടും തെറ്റിപ്പോകുന്ന കൗമാരക്കാരും യുവാക്കളുമുണ്ട്. അധികാരികളും വിവേക മില്ലാതെ അവരുണ്ടാക്കുന്ന നിയമങ്ങളും തെറ്റായ കൂട്ടുകെട്ടുകളുമെല്ലാം ഇതിന് കാരണങ്ങളാണ്. പതിനെട്ടുവയസ്സ് കഴിഞ്ഞാൽ ആണിനും പെണ്ണിനും ഒരുമിച്ച്കഴിയാം, മാതാപിതാക്കൾ അവരെ നിയന്ത്രിക്കേണ്ടതി ല്ല എന്നിങ്ങനെയുള്ള നിയമങ്ങൾ, സെക്സിയായി വസ്ത്രധാരണം ചെയ്യു ന്നതിനുള്ള സ്വാതന്ത്ര്യം, രാത്രി എത്ര വൈകി വേണമെങ്കിലും ഹോസ്റ്റ ലിൽ വരാനുള്ള അനുവാദം, അദ്ധ്യാപകരും മാതാപിതാക്കളും അവരുടെ കീഴിലുള്ളവരെ ശാസിക്കുകയോ ശിക്ഷിക്കുകയോ ചെയ്യരുതെന്ന നിയമം, തന്റേടത്തോടെ നിൽക്കുന്ന അദ്ധ്യാപകരെ പോക്സോകേസിൽ ഈസി യായി അകപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള നിയമങ്ങൾ എന്നു തുടങ്ങി വരുംതലമുറയെ നശിപ്പിക്കാൻ ഉതകുന്ന വിചിത്രമായ നിയമങ്ങൾ തയ്യാറാക്കുന്ന വിദഗ്ദരും മനശ്ശാസ്ത്രജ്ഞരും! വിചിത്രമായ വിധിപറച്ചിലി ലൂടെ യുവതലമുറയുടെ കയ്യടി നേടുന്ന ന്യായാധിപന്മാർ...

എല്ലാവരും കൂടി നമ്മുടെ തലമുറയെ അധഃപതനത്തിലേക്ക് തള്ളിവി ട്ടിരിക്കയാണ്. വിശ്വാസഗോളത്തിലെ യുവാക്കളേ, ഈ പശ്ചാത്തലത്തിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി, നിങ്ങൾ സ്വയം സൂക്ഷിക്കണമെന്ന് ഓർമ്മിപ്പി ക്കുകയാണ്. എല്ലാ ദിവസവും ബൈബിൾ വായിച്ചും പ്രാർത്ഥിച്ചും നിങ്ങൾ മുന്നേറണം. കുടുംബപ്രാർത്ഥനയും സഭയോഗങ്ങളും മുടക്കരുത്. ലഭി ക്കുന്ന അവസരമനുസരിച്ച് ആത്മികശുശ്രൂഷകളിൽ കഴിയുന്നിടത്തോളം സജീവമാകണം. മൊബൈലിന്റെ ഉപയോഗം നിയന്ത്രിക്കണം. തെറ്റായ കൂ ട്ടുകെട്ടുകൾ നിശ്ചയമായും ഉപേക്ഷിക്കണം. സോഷ്യൽമീഡിയായുടെ അതിപ്രസരം ഒഴിവാക്കണം. അനാവശ്യ ചാറ്റിംഗുകൾ വർജ്ജിക്കണം. നിങ്ങളുടെ മാതാപിതാക്കൾക്ക് നിങ്ങളെ ആവശ്യമുണ്ട്. ദൈവസഭയ്ക്ക് നിങ്ങളെ ആവശ്യമുണ്ട്. നശിച്ചുപോകുന്ന കാര്യങ്ങൾക്കല്ല, നിലനിൽക്കുന്ന കാര്യങ്ങൾക്കായി ഉത്സാഹിക്കുക. ശാപം കൊണ്ടുവരുന്ന കാര്യങ്ങൾക്കല്ല, അനുഗ്രഹം തരുന്ന കാര്യങ്ങൾക്കായി ഉത്സാഹിക്കുക.

**എം.വി.എസ്**

# പ്രതികരണങ്ങൾ

## C F David Kandath, Doddakallasandra, Banglore

ഏപ്രിൽമാസത്തിലെ പത്രാധിപലേഖനം നന്നായിരുന്നു. അപ്പൊ.പ്രവൃ.18:18, 21:23-24. ഈ രണ്ട് കാര്യങ്ങളെക്കുറിച്ചുള്ളത് വായിച്ചപ്പോൾ, എനിക്കുണ്ടായ ഒരു അനുഭവം ഓർത്തുപോയി. (ഞാൻ ഒന്നാം തലമുറക്കാരനായ ഒരു വിശ്വാസിയാണ്.) ഒരു സംഭാഷണമധ്യേ ഞാൻ മറ്റൊരു സഹോദരനോട് ഈ വിഷയവുമായി ബന്ധപ്പെട്ട് ഇങ്ങനെ പറഞ്ഞു: "ഈ വിഷയങ്ങളിൽ പൗലൊസിന് തെറ്റുപറ്റി. പൗലൊസ് യെഹൂദന്മാരെ ഭയപ്പെട്ടുകൊണ്ടാണ് ഇങ്ങനെ ചെയ്തത്." അപ്പോൾ ആ സഹോദരൻ എന്നെ തിരുത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: "അപ്പൊസ്തലപ്രവൃത്തികൾ പരിവർത്തനത്തിന്റെ പുസ്തകമാണ്. യെഹൂദമതത്തിൽനിന്നുള്ള ശിഷ്യന്മാരുടെ പുതിയ മാർഗ്ഗത്തിലേക്കുള്ള പരിവർത്തനത്തിന്റെ പുസ്തകം." എന്നാൽ എനിക്ക് തോന്നിയത്, ഗലാത്യലേഖനത്തിൽ പത്രൊസ് പഴയതിലേക്ക് മടങ്ങിപ്പോയ ഒരു കാര്യം രേഖപ്പെടുത്തിയിരിക്കുന്നതുപോലെയാണ് (ഗലാത്യർ 2:11-14) ഇവിടെയും സംഭവിച്ചത് എന്നാണ്.

## P V Saji, Meenangady, Waynad

എഡിറ്റോറിയൽ വായിച്ചു. ഈ കാലഘട്ടത്തിൽ രാഷ്ട്രീയപ്രവർത്തനം ആവശ്യമാണെന്നു പറയുന്നവരും, ഞാൻ മാത്രം ശരി എന്നു പറയുന്നവരുമായ ഗുരുക്കന്മാരുണ്ട്. ഇത് ആത്മീയമണ്ഡലത്തിലെ ഒരു യാഥാർത്ഥ്യമാണ്. ഈ ലേഖനം എല്ലാവർക്കും തിരിച്ചറിവ് നൽകട്ടെ.

### കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ

| Address | Reason |
|---|---|
| C Jayachandran, Chettippady, Malappuram | Not known |
| Tony T, Thattil House, Veluthur, Thrissur | Not known |
| Mini Victor, Kanjani, Thrissur | Left |
| Usha, Kannankulangara, Koorkenchery, Tcr | Left |

**അഡ്രസ് ലിസ്റ്റിൽനിന്ന് മുകളിൽപ്പറഞ്ഞ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

# ആസ്യയിലെ ഏഴ് സഭകൾ

**15** വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## പെർഗ്ഗമൊസിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:12-17)

*എങ്കിലും നിന്നെക്കുറിച്ച് കുറഞ്ഞോരു കുറ്റം പറവാൻ ഉണ്ട്. യിസ്രാ യേൽമക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ടതിനും ദുർന്നടപ്പ് ആചരിക്കേണ്ട തിനും അവരുടെ മുമ്പിൽ ഇടർച്ച വയ്പാൻ ബാലാക്കിന് ഉപദേശി ച്ചുകൊടുത്ത ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ അവിടെ നിനക്കുണ്ട് (2:14)*

### എങ്കിലും... കുറ്റം പറയാനുണ്ട്

സാത്താന്റെ സിംഹാസനം ഉള്ളിടത്ത് വിശ്വസ്തരായി പെർഗ്ഗമൊസി ലെ സഭ നിലനിന്നു. കൂട്ടത്തിലൊരാളായ അന്തിപ്പാസ് എന്ന സഹോദരൻ അതിക്രൂരമായി കൊലചെയ്യപ്പെട്ടിട്ടും ആ സഭയിലെ വിശ്വാസികൾ ഉറച്ചു നിന്നു. എല്ലാം ശരി തന്നെ. കർത്താവ് തുടർന്നു പറയുന്നു: "എങ്കിലും നിന ക്കെതിരായി ചില കാര്യങ്ങൾ എനിക്കു പറയാനുണ്ട്" (പിഒസി തർജ്ജമ). നമ്മിൽ എത്ര നന്മകളുണ്ടെങ്കിലും നമ്മുടെ തെറ്റുകളെ തെറ്റുകളായിത്തന്നെ കർത്താവ് കാണുന്നു. നന്മകളുടെ എണ്ണം കൂടുതലായതുകൊണ്ടോ, കുറ്റ ങ്ങളുടെ എണ്ണം കുറവായതുകൊണ്ടോ, തെറ്റുകളുടെ ഗൗരവം കുറയുന്നില്ല.

### ബാലാക്ക്, ബിലെയാം

സംഖ്യാപുസ്തകം 22 മുതലുള്ള അദ്ധ്യായങ്ങളിലാണ് നാം ബാലാ ക്കിനെക്കുറിച്ചും ബിലെയാമിനെക്കുറിച്ചും വായിക്കുന്നത്. മോവാബ്രാജാ വായ ബാലാക്ക് യിസ്രായേൽജനത്തെ ശപിക്കാനായി ബെയോരിന്റെ മക നായ ബിലെയാമിനെ കൊണ്ടുവന്ന കാര്യവും തുടർന്നുണ്ടായ സംഭവങ്ങളും അവിടെ നാം വായിക്കുന്നുണ്ട്.

### ബിലെയാമിന്റെ മൂന്നു കാര്യങ്ങൾ

പുതിയനിയമത്തിൽ ബിലെയാമിന്റേതായി മൂന്നു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഒന്ന്: ബിലെയാമിന്റെ വഴി (2 പത്രൊസ് 2:15). രണ്ട്: ബിലെയാമിന്റെ വഞ്ചന (യൂദാ 11). മൂന്ന്: ബിലെയാമിന്റെ ഉപദേശം (വെളി.2:14). ഇവ എന്തൊക്കെയാണെന്നു നമുക്ക് പരിശോധിക്കാം.

### ബിലെയാമിന്റെ വഴി (The way of Balaam)

"അവർ നേർവഴി വിട്ടുതെറ്റി ബെയോരിന്റെ മകനായ ബിലെയാമിന്റെ വഴിയിൽ നടന്നു, അവൻ അനീതിയുടെ കൂലി കൊതിച്ചു..." (2 പത്രൊസ് 2:15). ബിലെയാമിന്റെ വഴി എന്നു പറഞ്ഞാൽ അത് ദ്രവ്യാഗ്രഹത്തിന്റെ വഴിയാണ്. നേർവഴി വിട്ട് ദ്രവ്യാഗ്രഹത്തിന്റെ പുറകെ പോകുന്നവർ സഞ്ചരിക്കുന്നത് ബിലെയാമിന്റെ വഴിയിലൂടെയാണ്. നാം ഓരോരുത്തരും ചിന്തിക്കുക – നേർവഴിയിലൂടെയാണോ അതോ ബിലെയാമിന്റെ വഴിയിലൂടെയാണോ നാം സഞ്ചരിക്കുന്നത്? സാമ്പത്തികമായ അച്ചടക്കം ഓരോ വിശ്വാസിയും പരിശീലിക്കണം. ധാരാളിത്തം, ധൂർത്ത്, കടം വാങ്ങുന്ന പ്രവണത ഇതെല്ലാം ഉപേക്ഷിക്കുകയും കഠിനാദ്ധ്വാനത്തിന് തയ്യാറാവുകയും വേണം. അങ്ങനെയെങ്കിൽ ബിലെയാമിന്റെ വഴിയിലൂടെ സഞ്ചരിക്കേണ്ടി വരില്ല. നേർവഴിയിലൂടെ യാത്ര ചെയ്താൽ മാത്രമേ നാം ലക്ഷ്യസ്ഥാനത്ത് എത്തുകയുള്ളൂ. ബിലെയാമിന്റെ വഴിയിലൂടെയുള്ള യാത്ര ദുഃഖങ്ങളും നഷ്ടങ്ങളും വിശ്വാസജീവിതത്തിൽനിന്നുള്ള പിന്മാറ്റവും ഉളവാക്കുമെന്നത് തീർച്ച.

### ബിലെയാമിന്റെ വഞ്ചന (തെറ്റ്) (The error of Balaam)

"അവർ ... കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നെ ഏല്പിക്കുകയും... ചെയ്യുന്നു" (യൂദാ 11). 'the deceit of Balaam' (ബിലെയാമിന്റെ വഞ്ചന) എന്നു ചില ഇംഗ്ലീഷ്തർജ്ജമകളിൽ കാണാം. ബിലെയാം ആരെയാണ് വഞ്ചിച്ചത്? സാക്ഷാൽ ദൈവത്തെത്തന്നെയാണ് ബിലെയാം വഞ്ചിച്ചത്. ദൈവം ബിലെയാമിനോട് പ്രത്യേകം കല്പിച്ചത് ഇങ്ങനെയാണ്: "ഞാൻ നിന്നോട് കല്പിക്കുന്ന വചനം മാത്രമേ പറയാവൂ" (സംഖ്യ 22: 35). ഇത് സമ്മതിച്ച ബിലെയാം ആദ്യമൊക്കെ ദൈവം കല്പിച്ചത് പറഞ്ഞുവെങ്കിലും പിന്നീട് ദൈവത്തിന് കൊടുത്ത വാക്കിൽനിന്ന് വ്യതിചലിച്ചു. ദൈവവചനത്തിൽനിന്നുള്ള വ്യതിയാനമാണ് ബിലെയാമിന്റെ തെറ്റ് (വഞ്ചന). ദൈവവചനം കൈയിലെടുത്തിരിക്കുന്ന എത്രയോ ഉപദേഷ്ടാക്കന്മാർ ദൈവവചനത്തിൽനിന്ന് വ്യതിചലിച്ച് തങ്ങൾക്ക് ബോധിച്ച പ്രകാരവും കേൾക്കുന്നവർക്ക് ഇഷ്ടപ്പെടുന്ന വിധത്തിലും പ്രസംഗിക്കുന്നു! ദൈവവചനത്തിന്റെ നാലതിർത്തിക്കുള്ളിൽ ഒതുങ്ങിനിന്ന് വചനം അവതരിപ്പിക്കാൻ നാം ശ്രദ്ധിക്കണം.

## ബിലെയാമിന്റെ  ഉപദേശം (The doctrine of Balaam)

“യിസ്രായേൽമക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ടതിനും ദുർന്നടപ്പ് ആചരിക്കേണ്ടതിനും അവരുടെ മുമ്പിൽ ഇടർച്ച വയ്പാൻ ബാലാക്കിന് ഉപദേശിച്ചുകൊടുത്ത ബിലെയാമിന്റെ ഉപദേശം...” (വെളി.2:14) എന്നാണ് നാം വായിക്കുന്നത്. ബിലെയാമിന്റെ ഉപദേശം എന്താണെന്ന് ഇവിടെ വ്യക്തമായി പറഞ്ഞിട്ടുണ്ടല്ലോ. ബിലെയാമിന്റെ ഉപദേശം നിമിത്തം ദൈവജനം വിഗ്രഹാരാധനയിലേക്കും വിഗ്രഹാർപ്പിതം തിന്നുന്നതിലേക്കും ദുർന്നടപ്പിലേക്കും തിരിയുവാൻ ഇടയായി. അവിശ്വാസികളായ മോവാബ്യരുമായി യിസ്രായേൽജനം കൂടിക്കലർന്നു. ഇന്ന് കർത്താവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചവർ അപ്രകാരമല്ലാത്തവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നുണ്ടെങ്കിൽ, അവർ ബിലെയാമിന്റെ ഉപദേശം സ്വീകരിക്കുകയാണെന്നു പറയാം. വിഗ്രഹങ്ങളുള്ള പള്ളിയിലേക്കോ അമ്പലത്തിലേക്കോ പിന്മാറിപ്പോകുന്നുവെങ്കിൽ അപ്പോഴും അവർ ബിലെയാമിന്റെ ഉപദേശം അനുസരിച്ചുവെന്നു പറയാം. നാശത്തിലേക്ക് നമ്മെ തെളിച്ചുവിടുന്ന ഉപദേശമാണ് ബിലെയാമിന്റെ ഉപദേശം.

## പെർഗ്ഗമൊസ് സഭയിൽ ബിലെയാമിന്റെ ഉപദേശം!

സാത്താന്റെ സിംഹാസനം ഉള്ള സ്ഥലത്ത്, അന്തിപ്പാസിന്റെ രക്തസാക്ഷിത്വം നടന്നിട്ടും കുലുങ്ങാത്ത സഭയിലെ ദൈവജനത്തിൽ ചിലർ ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നുവെന്ന്! വിശ്വസിക്കാൻ പ്രയാസം. പക്ഷേ കർത്താവ് പറഞ്ഞിരിക്കയാൽ അത് സത്യമാണ്. അവിശ്വാസികളുമായി ഇണയില്ലാപിണ കൂടരുത് എന്ന പ്രമാണം തെറ്റിക്കാൻ തയ്യാറായ ചില വിശ്വാസികൾ അവിടെയുണ്ടായിരുന്നു. “അതൊന്നും കുഴപ്പമില്ല” എന്ന് പറഞ്ഞ് അവരെ ‘ശക്തിപ്പെടുത്തുന്ന’ വിശ്വാസികൾ അവിടെയുണ്ടായിരുന്നു! ഇന്നുമില്ലേ ഇത്തരക്കാർ?

ദൈവസഭയിൽ വളർന്നവർ, തുടക്കം മുതൽ സൺഡേക്ലാസ്സുകളിൽ കൃത്യമായി പങ്കെടുത്തവർ, സ്നാനമേറ്റവർ... പക്ഷേ പ്രേമം മൂത്ത് അവിശ്വാസികളെ വിവാഹം കഴിക്കുന്നു. ദുർന്നടപ്പ് എന്നാണ് വചനം അതിനെ ഇവിടെ വിളിച്ചിരിക്കുന്നത്. എത്രയോ മക്കൾ തങ്ങളുടെ ഭക്തരായ മാതാപിതാക്കളുടെ മനസ്സിൽ തീക്കുണ്ഠം തീർത്ത്, വചനത്തിന്റെ അതിർത്തി ചാടിക്കടന്ന്, മനോവിഷമം അശേഷമില്ലാതെ, അവിശ്വാസികളുമായി വിവാഹബന്ധത്തിൽ (ദുർന്നടപ്പിൽ) ഏർപ്പെടുന്നു. യിസ്രായേൽജനത്തെ നശിപ്പിക്കാനായി പിശാച് വികസിപ്പിച്ചെടുത്ത്, ബിലെയാമിലൂടെ നടപ്പിലാക്കിയ ആ തന്ത്രം ഇന്നും അവൻ വിജയകരമായി ഉപയോഗിക്കുന്നു. മാതാപിതാക്കളേ ഉണരുക. സഭാമൂപ്പന്മാരേ ഉണരുക. ബിലെയാമിന്റെ ഉപദേശത്തെ ചെറുക്കുക.

**(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി (14)

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 20. അയൽക്കാരായ ആദ്യഫലങ്ങൾ

ഞാൻ അക്കാലത്ത് സുവിശേഷവേലയ്ക്ക് വേർതിരിഞ്ഞിട്ടുണ്ടായിരുന്നില്ല. സഭയുടെ ഉത്തരവാദിത്തം എനിക്കുണ്ടായിരുന്നു. ഉപജീവനത്തിനുവേണ്ടി പഞ്ചായത്തുതലത്തിൽ ചില്ലറ ജോലികൾ ഏറ്റെടുത്തു ചെയ്തുകൊണ്ടിരുന്നു. ചൊവ്വാഴ്ചകളിൽ എന്റെ വീട്ടിൽ ഒരു ദൈവവചനപഠനക്ലാസ്സുകൾ നടത്തുന്നുണ്ടായിരുന്നു. അയൽവാസികളായ ആളുകൾ ആ ക്ലാസ്സുകളിൽ വന്നു പങ്കെടുക്കും. എന്റെ വീട്ടിൽ ഒരു സൺഡേസ്കൂളും നടത്തിയിരുന്നു.

എന്റെ അയൽവാസിയായ ഒരു പെൺകുട്ടി എന്റെ മൂത്ത മകളുടെ സമപ്രായക്കാരിയും അവളുടെ കൂട്ടുകാരിയും ആയിരുന്നു. അവളും ഈ ക്ലാസ്സുകളിൽ പങ്കെടുത്തു. അവൾ ഈ ക്ലാസ്സിൽ വച്ച് കർത്താവിൽ വിശ്വസിച്ച് ഏറ്റുപറയുകയും പിന്നീട് സ്നാനമേൽക്കുകയും ചെയ്തു. അവൾ സ്നാനപ്പെട്ടത് അവളുടെ വീട്ടിൽ വലിയ ബഹളമുണ്ടാക്കി. ഒരു ദിവസം സന്ധ്യയ്ക്ക്, ആ പെൺകുട്ടിയുടെ പിതാവ് അവളെയും കൂട്ടി വന്ന്, എന്നെ വിളിച്ച് ഇപ്രകാരം പറഞ്ഞു: “എടോ ഐസക്കേട്ടാ, തനിക്ക് മൂന്ന് പെമ്പിള്ളേരില്ലേ? ഇതിനേം കൂടി കെട്ടിച്ചോ.” ഇങ്ങനെ പറഞ്ഞുകൊണ്ട് ആ പെൺകുട്ടിയെ എന്റെ അടുത്താക്കി അയാൾ പോയി.

ചില ദിവസങ്ങൾ അവൾ എന്റെ വീട്ടിലായിരുന്നു. പിന്നീട് ഞാൻ സ്നേഹത്തോടെ അവളെ അവളുടെ വീട്ടിൽ കൊണ്ടുചെന്നാക്കി. അവളെ കുറെ കാലത്തേക്ക് യോഗത്തിനൊന്നും അവർ വിട്ടില്ല. എങ്കിലും അവളുടെ വിവാഹം വീണ്ടെടുക്കപ്പെട്ട ഒരു ദൈവപൈതലുമായി നടക്കുവാൻ ഇടയായി. ഇന്ന് അവൾ ഒരു പാസ്റ്ററുടെ ഭാര്യയെന്ന നിലയിൽ വളരെ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ഇത് എന്റെ വീട്ടിലെ ബൈബിൾക്ലാസ്സുകളിൽ പങ്കെടുത്തുവന്ന ഒരു അയൽക്കാരിയുടെ കാര്യം.

അന്ന് ക്ലാസ്സിനു വന്നിരുന്ന അയൽക്കാരിയായ മറ്റൊരു സഹോദരിയുടെ കാര്യം ഇനി പങ്കുവയ്ക്കാം. അവൾ വിധവയാണ്. ഒരു പൈതലുണ്ട്. അവൾ രക്ഷിക്കപ്പെട്ടത് രസകരമായ ഒരു പാഠമാണ്. ഉപജീവനത്തിനായി ഒരു പശുവിനെ അവൾ വളർത്തിയിരുന്നു. ചിലപ്പോഴൊക്കെ അവൾ ആ പശുവിനെ ഞങ്ങളുടെ പറമ്പിൽ വന്ന് തീറ്റും. ഞങ്ങൾക്കും അന്ന് ഒരു പശുവുണ്ടായിരുന്നു. വീടിന്റെ പുറകിൽ വച്ചിട്ടുള്ള കഞ്ഞിവെള്ളം ഞങ്ങളുടെ പശുവിന്റെ പോലെ അയൽപക്കക്കാരിയുടെ പശുവും കുടിക്കും. നല്ല അയൽപക്കക്കാരായി ഞങ്ങൾ ജീവിച്ചുവന്നു.

എന്റെ വീട് കുറച്ച് ഉയരത്തിലാണ്. എന്റെ പിതാവ് അക്കാലത്തുണ്ട്. അദ്ദേഹം താഴെ കനാൽവെള്ളം പോകുമ്പോൾ അത് ചുമന്നുകൊണ്ടുവന്ന് പയറ്, വെണ്ട, പച്ചമുളക് എന്നിങ്ങനെയുള്ളവ നട്ടുവളർത്തും. മഴക്കാലത്തിനുമുമ്പേ ഇതെല്ലാം വളർന്ന് അവയിൽ പൂവും കായും ഒക്കെയായി. നല്ല വേനൽക്കാലത്തിന്റെ അവസാനം, മഴ പെയ്തുതുടങ്ങാറായ നേരത്ത് വെണ്ടയും പയറുമെല്ലാം പൂത്ത് വിളഞ്ഞ്കിടക്കുന്നു. പറിച്ചിട്ടില്ല. ആ സഹോദരിയുടെ പശു കയറഴിഞ്ഞുവന്ന് അതെല്ലാം തിന്നു. അന്ന് നല്ല മഴയും പെയ്തു.

പ്രഭാതത്തിൽ പ്രാർത്ഥിക്കാനായി എഴുന്നേറ്റ നേരത്ത് ഞാൻ നോക്കിയപ്പോൾ പയറും വെണ്ടയുമെല്ലാം കന്നുകാലി ചവിട്ടി ചാഞ്ഞുകിടക്കുന്നതായി കണ്ടു. പശു അവിടെ നിൽക്കുന്നതും ഞാൻ കണ്ടു. ഞാൻ അതിനെ താഴെ കൊണ്ടുപോയി കെട്ടിയിട്ടു. എന്റെ പിതാവ് എഴുന്നേറ്റ് ഇതെല്ലാം കണ്ട് പ്രയാസപ്പെടാതിരിക്കാനായി, ഇത് അദ്ദേഹത്തോട് പറയരുത് എന്ന് ഞാൻ എന്റെ മക്കളോട് പറഞ്ഞു. പശുവിനെ കറക്കാനായി നോക്കിയപ്പോൾ പശുവിനെ കാണാതിരുന്നതുകൊണ്ട് ആ സഹോദരി എന്റെ അടുത്തേക്ക് വന്നു. ഞാൻ കാര്യങ്ങളെല്ലാം പറഞ്ഞു.

പ്രഭാതത്തിൽ പിതാവ് എഴുന്നേറ്റപ്പോൾ ഞാൻ വളരെ ശാന്തമായി അദ്ദേഹത്തോട് കാര്യങ്ങളെല്ലാം പറഞ്ഞു. അവളോട് പിണങ്ങരുതെന്നും ഇവിടെ ദൈവവചനം കേൾക്കാൻ വരുന്ന സഹോദരിയല്ലേ എന്നും ഞാൻ പറഞ്ഞു. അപ്പൻ ഒന്നും മിണ്ടിയില്ല. പിന്നീട് അവൾ രക്ഷിക്കപ്പെട്ടു. ഇന്ന് അവളും മകളും ദൈവകൃപയിൽ നിലനിൽക്കുന്നു.

ഇപ്രകാരം എന്റെ രണ്ടു അയൽക്കാരും രക്ഷയിലേക്ക് വന്നത് എനിക്ക് വളരെ സന്തോഷമുള്ള കാര്യമാണ്. എന്റെ മക്കളെ ഒഴിച്ചുനിറുത്തിയാൽ ആദ്യം വിശ്വാസത്തിൽ വന്നത് അവരാണ്. ഇപ്പോഴും ഞാൻ അവരെയോർത്ത് ദൈവത്തെ സ്തുതിക്കുവാൻ ഇടയായി. ആദ്യത്തെ സഹോദരിയും കുടുംബവും ഒത്തിരി പ്രവർത്തിച്ച് അനേകരെ രക്ഷയിലേക്ക് നടത്തിക്കൊണ്ടിരിക്കുന്നു. രണ്ടാമത് പറഞ്ഞ സഹോദരിയും കുടുംബവും ക്ഷേമ

മായി വിദേശത്ത് കഴിയുന്നു. ഇതെല്ലാം എനിക്ക് വളരെ സന്തോഷം തരുന്ന കാര്യങ്ങളാണ്.

അന്ന് എന്റെ പിതാവ് വളരെ പ്രായമുള്ള വ്യക്തിയാണ്. കൃഷി നശിപ്പിച്ചതിന്റെ കാരണത്താൽ അവളോട് അദ്ദേഹം ദ്വേഷ്യപ്പെട്ടിരുന്നുവെങ്കിൽ അവളെ രക്ഷയിലേക്ക് കൊണ്ടുവരാൻ കഴിയുമായിരുന്നില്ല. രസകരമായ മറ്റൊരു കാര്യം, ആ സഹോദരിയുടെ ആങ്ങളമാർ മാർക്കറ്റിൽ പച്ചക്കറി വിപണനം ചെയ്യുന്നവരായിരുന്നു. എല്ലാ ദിവസവും അവർ ഒരു കെട്ട് പയറും കുമ്പളങ്ങയും വെണ്ടയ്ക്കയുമെല്ലാം ഞങ്ങളുടെ വീട്ടിലെത്തിക്കും. അങ്ങനെ ഞങ്ങൾ നട്ടതിനേക്കാളധികം പയറും വെണ്ടയ്ക്കയുമെല്ലാം ആ വർഷം കഴിച്ചു.

നഷ്ടപ്പെട്ടുപോയ പച്ചക്കറിയുടെ പേരിൽ ഞങ്ങൾ ശണ്ഠ ഉണ്ടാക്കിയിരുന്നുവെങ്കിൽ ഞങ്ങളുടെ സഹോദരിയെ ഞങ്ങൾക്ക് നഷ്ടപ്പെടുമായിരുന്നു. യാതൊരു പൈസയും കൊടുക്കാതെ ആ വർഷം മുഴുവനും ഞങ്ങൾക്ക് പച്ചക്കറി ലഭിച്ചു. നേരത്തെ പറഞ്ഞതുപോലെ, ഞാൻ അന്ന് സുവിശേഷവേലയ്ക്കായി വേർതിരിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ കീഴിൽ റോഡുപണിയും മറ്റുമായി നടക്കുന്ന കാലമാണ്. അന്ന് രക്ഷയിലേക്ക് വന്ന രണ്ടു കൂട്ടരും വ്യത്യസ്ത സാഹചര്യങ്ങളിൽ ദൈവത്തെ സേവിക്കുന്നു.

എന്റെ വീട്ടിൽ നടത്തിയിരുന്ന ബൈബിൾക്ലാസ്സുകളിലൂടെ അനേകർ രക്ഷയിലേക്ക് വന്നിട്ടുണ്ട്. അയൽക്കാരും യൗവനക്കാരുമെല്ലാം കർത്താവിനെ അറിയുവാൻ ഇടയായി. പല യൗവനക്കാരും ദൈവവചനം പഠിക്കാനായി എന്റെ വീട്ടിൽ വന്നിട്ടുണ്ട്. ഇന്ന് അവർ പലരും പാസ്റ്റർമാരും വിവിധ സഭകളിൽ ദൈവത്തെ സേവിക്കുന്നവരുമാണ്. എന്റെ ജീവിതം വളരെ ഞെരുക്കത്തിലാണ് പോയിരുന്നതെങ്കിലും എന്റെ ക്രിസ്തീയജീവിതത്തിൽ ഇത്തരം വലിയ സന്തോഷങ്ങളും എനിക്കുണ്ട്.

ഒരു നല്ല അയൽപക്കക്കാരനായി ഇരിക്കുക എന്നത് വലിയൊരു കാര്യമാണ്. ഇന്നും ഞാൻ നല്ല അയൽപക്കക്കാരനായി കാണപ്പെടാൻ ശ്രദ്ധിക്കാറുണ്ട്. പണ്ടത്തെപ്പോലെയുള്ള വചനപഠനക്ലാസ്സുകൾ എന്റെ വീട്ടിൽ ഇപ്പോൾ നടത്താനുള്ള സാഹചര്യമില്ല. എന്റെ മക്കളെല്ലാം വിവാഹിതരായി. ഞാനും ഭാര്യയും മാത്രമാണ് വീട്ടിലുള്ളത്. മാത്രമല്ല, അന്നത്തപ്പോലെ വചനം കേൾക്കാൻ ഇന്ന് ജനം താത്പര്യമുള്ളവരുമല്ല. എങ്കിലും എന്റെ അയൽപക്കക്കാർക്കായി ഞാൻ എന്നും പ്രാർത്ഥിക്കുന്നയാളാണ്. ദേശത്തിനിവേണ്ടി നാം പ്രാർത്ഥിക്കണം.

ഞാൻ പങ്കുവച്ച എന്റെ ജീവിതസാക്ഷ്യം മൂലം നിങ്ങളുടെ അയൽക്കാർക്ക് നിങ്ങൾ ധാരാളമായി പ്രയോജനപ്പെടാൻ ഇടയാകട്ടെ. **(തുടരും)**

# യോനാ
## (പുസ്തകപഠനം)

12

### -എംവിഎസ്-

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:6**

**കപ്പൽപ്രമാണി അവന്റെ അടുക്കൽ വന്ന് അവനോട്: നീ ഉറങ്ങുന്നത് എന്ത്? എഴുന്നേറ്റ് നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്ക; നാം നശിച്ചുപോകാതിരിക്കേണ്ടതിന് ദൈവം പക്ഷേ നമ്മെ കടാക്ഷിക്കും എന്നു പറഞ്ഞു.**

കപ്പൽപ്രമാണി (captain) രംഗപ്രവേശം ചെയ്യുന്നു. ജീവനുള്ള ദൈവത്തിൽ വിശ്വസിക്കുന്നവനല്ലെങ്കിലും അവനിൽ ചില ഗുണങ്ങളുണ്ടായിരുന്നു. ഒരു നേതാവിനുവേണ്ട ഗുണങ്ങൾ ഉള്ള കപ്പൽപ്രമാണിയായിരുന്നു അദ്ദേഹം.

**1. കപ്പൽപ്രമാണിയുടെ ശ്രദ്ധ**

"കപ്പൽപ്രമാണി അവന്റെ അടുക്കൽ വന്നു"

കപ്പൽപ്രമാണിയാണ് ആ കപ്പലിലെ ഏറ്റവും വലിയവൻ. അദ്ദേഹത്തിന്റേതാണ് ആ കപ്പലിലെ അവസാനവാക്ക്. ആ കപ്പലിലെ ഏറ്റവും വലിയ ഉത്തരവാദിത്തം അദ്ദേഹത്തിനാണ്. ആ കപ്പലിൽനിന്ന് ഇറങ്ങുന്നതുവരെ അദ്ദേഹമാണ് കപ്പലിലുള്ളവരുടെ നേതാവ്.

അവൻ യോനായുടെ അടുക്കൽ ചെന്നു. കപ്പലിന്റെ അടിത്തട്ടിൽ ഇറങ്ങികിടന്ന് നല്ലവണ്ണം ഉറങ്ങുന്ന യോനായുടെ അടുക്കൽ ചെന്നു. അവൻ ഉത്തരവാദിത്വബോധമുള്ള, ശ്രദ്ധയുള്ള നേതാവായിരുന്നു. കപ്പലിന്റെ അടിത്തട്ടിൽ കിടക്കുന്നവനെ ശ്രദ്ധിക്കാൻ പറ്റിയ സമയമല്ല അത്. നല്ലവണ്ണം ഉറങ്ങുന്നവൻ ആരുടെയെങ്കിലും ശ്രദ്ധയിൽ പെടാൻ ബുദ്ധിമുട്ടാണ്. എന്നിട്ടും അദ്ദേഹം യോനായെ കണ്ടു. യോനായെ ശ്രദ്ധിച്ചു. അവന്റെ അടുത്തേക്ക് ചെന്നു.

കപ്പൽ തകർന്നുപോകുവാൻ തക്കവണ്ണമുള്ള സാഹചര്യം... ജീവന്റേയും മരണത്തിന്റേയും ഇടയ്ക്കുനിന്നുള്ള നിലവിളികൾ കപ്പലിൽനിന്ന് ഉയരുന്നു... ചരക്ക് കടലിലേക്ക് എറിഞ്ഞുകളയുന്നു... ഇത്രയും ബഹളത്തി

നിടയിലും ആ കപ്പൽപ്രമാണി യോനായെ കണ്ടു. സ്വന്തം ജീവൻ കൂടെ അപകടത്തിലായ നേരത്തായിരുന്നിട്ടുപോലും അദ്ദേഹം അവനെ കണ്ടു!

തികഞ്ഞ ഉത്തരവാദിത്വബോധമുള്ളവനായതുകൊണ്ടാണ് അദ്ദേഹം യോനായെ കണ്ടത്. ആ കപ്പലിലെ ലീഡർ എന്ന നിലയിൽ അദ്ദേഹം ഓരോ വ്യക്തിയെയും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളാണ് അവിടെ നടപ്പിലാകുന്നത്. യോനായോട് അദ്ദേഹം പറഞ്ഞ വാക്കുകൾ ശ്രദ്ധിച്ചാൽ ഓരോരുത്തൻ താന്താന്റെ ദേവനോട് നിലവിളിക്കാൻ നിർദ്ദേശിച്ചത് അദ്ദേഹം തന്നെയാണെന്ന് മനസ്സിലാക്കാം. കപ്പലിന്റെ ഭാരം കുറയ്ക്കാനുള്ള നിർദ്ദേശം (വാക്യം 5), ചീട്ടിടാനുള്ള നിർദ്ദേശം, യോനായെ കടലിൽ ഇടാതെ മുന്നോട്ടു നീങ്ങാനുള്ള നിർദ്ദേശം (വാക്യം 13), വാക്യം 14,15 ലെ നിർദ്ദേശങ്ങൾ എല്ലാം കപ്പൽപ്രമാണിയുടെ നിർദ്ദേശപ്രകാരമേ നടക്കൂ. അദ്ദേഹം എത്രമാത്രം ശ്രദ്ധയും ആത്മാർത്ഥതയും ഉള്ളവനായിരുന്നു എന്നു ഇതെല്ലാം തെളിയിക്കുന്നുണ്ട്.

നല്ലത് ആരിൽ കണ്ടാലും അനുകരിക്കാം. ഒരു നല്ല ലീഡറായിരുന്നു ആ കപ്പൽപ്രമാണി. നേതൃത്വഗുണങ്ങൾ (leadership qualities) വളർത്തിയെടുത്ത നല്ലൊരു ലീഡർ. അവൻ വിവിധ മതങ്ങളിലുള്ളവരെ ബഹുമാനിക്കുന്ന ലീഡറായിരുന്നു (വാക്യം 5,6); അവൻ പ്രായോഗികബോധമുള്ള, ചിന്തിക്കുന്ന ലീഡറായിരുന്നു (വാക്യം 5); എല്ലാവരെയും ശ്രദ്ധിക്കുന്ന ലീഡറായിരുന്നു (വാക്യം 6); പ്രശ്നത്തിന്റെ കാരണം അന്വേഷിക്കാൻ മനസ്സുള്ള ലീഡർ (വാക്യം 7); അവൻ സ്നേഹമുള്ള ലീഡർ (വാക്യം 13); അവൻ ഭക്തനായ ലീഡർ (വാക്യം 14).

നിങ്ങൾ എപ്രകാരമുള്ള ലീഡറാണ്? കപ്പൽപ്രമാണി പോലെ ചിലർ ഭവനപ്രമാണിമാരുണ്ട് (ഭർത്താക്കന്മാർ). ചിലർ ഓഫീസ്പ്രമാണിമാരുണ്ട്. ചിലർ സൺഡേസ്കൂൾപ്രമാണിമാരുണ്ട്. സംഗീതപ്രമാണിമാരുണ്ട്. കാരാഗൃഹപ്രമാണിമാരുണ്ട്. നാം ലീഡറായിരിക്കുന്ന വിവിധ മേഘലകളാണ് ഇതെല്ലാം. ഏതെങ്കിലും സ്ഥലത്ത് നാം ലീഡറായി നിലകൊള്ളേണ്ടതുണ്ടെങ്കിൽ, നേതൃത്വഗുണങ്ങളുള്ള ലീഡറായി നാം കാണപ്പെടണം. ക്ലാസ്സിൽ അദ്ധ്യാപകൻ, ഭാര്യയുടെ മുമ്പിൽ ഭർത്താവ്, മക്കളുടെ മുമ്പിൽ മാതാപിതാക്കൾ, സഭയിൽ ശുശ്രൂഷകൻ... മികച്ച ലീഡറാവുക. നേതൃത്വഗുണങ്ങൾ മനഃപൂർവ്വം വളർത്തിയെടുക്കുക.

ഒറ്റ തിരിഞ്ഞുപോയ യോനായെ ആ കപ്പൽപ്രമാണി കണ്ടെത്തി. നിങ്ങളുടെ മക്കൾ കൂട്ടം തെറ്റുമ്പോൾ, മാതാപിതാക്കളേ നിങ്ങൾ അവരെ ശ്രദ്ധിക്കാറുണ്ടോ? കല്യാണത്തിന് മീൻകറിവച്ച ഉരുളിയിലേക്ക് ഒന്നര വയസ്സുള്ള കുട്ടി വീണ് മരിച്ചു. വെള്ളം നിറച്ച ബക്കറ്റിൽ വീണ് കുഞ്ഞ് മരിച്ചു. കുഞ്ഞുങ്ങൾ മറ്റുള്ളവരാൽ ഉപദ്രവിക്കപ്പെടുന്നു. മക്കൾ മദ്യത്തിനും മയ

ക്കുമരുന്നിനും അടിമകളാകുന്നു. മക്കളുടെ പഠനകാര്യമോ ആത്മികപുരോഗതിയോ ശ്രദ്ധിക്കാത്ത മാതാപിതാക്കൾ... കപ്പൽപ്രമാണിയെ കണ്ടുപഠിക്കുക. തന്റെ കീഴിലുള്ള എല്ലാവരേയും ശ്രദ്ധിക്കുന്ന മികച്ച ലീഡർ!

കുഞ്ഞുങ്ങൾ വഴിതെറ്റുന്നതിനും അപകടത്തിൽ ചെന്നുചാടുന്നതിനുമെല്ലാം മാതാപിതാക്കളെ പഴിചാരുന്നില്ല. മാതാപിതാക്കളുടെ ശ്രദ്ധക്കുറവുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ മാത്രമാണ് വിമർശിക്കപ്പെടേണ്ടത്.

ലൂക്കൊസ് 2:42-44 വായിക്കുമ്പോൾ ഒരു പന്ത്രണ്ടുവയസ്സുകാരന്റെ കാര്യം കാണുന്നു. യാത്ര ചെയ്യുമ്പോൾ അവൻ സഹയാത്രക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരിക്കും എന്ന് അവന്റെ മാതാപിതാക്കൾ ഊഹിച്ചു. ഈ ഊഹവും വച്ച് ഒരു ദിവസത്തെ വഴിദൂരം അവർ പിന്നിട്ടു. ആ പന്ത്രണ്ടുവയസ്സുകാരന്റെ മാതാപിതാക്കളായ യോസേഫിന്റെയും മറിയയുടെയും ഭാഗത്തുവന്ന ഗുരുതരമായ വീഴ്ചയായിരുന്നു അത്. മാതാപിതാക്കളുടെ നിരുത്തരവാദപരമായ ഇത്തരം ഊഹം നിമിത്തം എത്രയെത്ര പന്ത്രണ്ടുവയസ്സുകാരാണ് കൂട്ടം തെറ്റുന്നത്? പക്ഷേ പെട്ടെന്നുതന്നെ യോസേഫും മേരിയും കർത്തവ്യനിരതരായി. അവർ അവനെ വ്യസനിച്ചുകൊണ്ട് തിരഞ്ഞു (2:48).

(ഇളയകുഞ്ഞുങ്ങളെ ശ്രദ്ധിക്കേണ്ടതുള്ളതുകൊണ്ടും, യേശു എന്ന ബാലനിൽനിന്ന് ഇങ്ങനെയൊരു നീക്കമുണ്ടാകും എന്ന പ്രതീക്ഷയില്ലാത്തതുകൊണ്ടും ആയിരിക്കാം യോസേഫിന്റെയും മേരിയുടെയും ഭാഗത്തുനിന്നു ഇപ്രകാരമുള്ള അശ്രദ്ധയുണ്ടായത്. എന്തുതന്നെയായാലും, അശ്രദ്ധ ഗുരുതരമായ തെറ്റുതന്നെയാണ്)

1 ശമൂവേൽ 2:23 വായിക്കുക. സ്വന്തം മക്കളോട് ഏലി പറയുന്നത് കേൾക്കുക. “നിങ്ങളുടെ ദുഷ്പ്രവൃത്തികളെക്കുറിച്ച് ഈ ജനമൊക്കെയും പറഞ്ഞ് ഞാൻ കേൾക്കുന്നു” സ്വന്തം മക്കളുടെ തെറ്റുകളെക്കുറിച്ച് നാട്ടുകാരിൽനിന്ന് അറിയേണ്ടിവന്ന പിതാവ്! അവരെ ശ്രദ്ധിക്കുന്നതിൽ ആ പിതാവിന്റെ ഭാഗത്ത് വന്ന വീഴ്ച നിസ്സാരമല്ല.

കപ്പൽപ്രമാണിയെപ്പോലെ എല്ലാവരെയും ശ്രദ്ധിക്കുന്ന മികച്ച ക്യാപ്റ്റനാകുക. കൂട്ടംതെറ്റി കിടന്നുറങ്ങുന്നവനെ വരെ അന്വേഷിച്ചുകണ്ടെത്തുന്ന മികച്ച ലീഡർ. മാതാപിതാക്കൾ മക്കളെ ശ്രദ്ധിക്കട്ടെ. അദ്ധ്യാപകർ വിദ്യാർത്ഥികളെ ശ്രദ്ധിക്കട്ടെ. സഭാശുശ്രൂഷകന്മാർ തങ്ങളുടെ കീഴിലുള്ള വിശ്വാസികളെ ശ്രദ്ധിക്കട്ടെ. കപ്പലിലെ പ്രമാണി കപ്പലിലെ കാര്യങ്ങളിൽ അതീവശ്രദ്ധയുള്ളവനായിരുന്നതുപോലെ, നിങ്ങൾ പ്രമാണിമാരായിരിക്കുന്ന മേഘലകളിൽ അതീവശ്രദ്ധയുള്ളവരായിരിക്കുക. നേതൃത്വഗുണങ്ങൾ ഇല്ലാത്തവർ നേതൃസ്ഥാനത്ത് എത്തിയാൽ കീഴിലുള്ളവർക്കെല്ലാം ദുരിതമായിരിക്കും.

**(തുടരും)**

# കോഴിയോ, ബ്യൂഗിളോ?

## പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

വെളുപ്പാൻകാലത്തെ കോഴിയുടെ കൂകൽശബ്ദം കേൾക്കുന്നതിനു മുമ്പ്, യേശുവിന്റെ ശിഷ്യനായിരുന്ന പത്രൊസ് (കേഫാ) യേശുവിനെ മൂന്നു വട്ടം തള്ളിപ്പറയുമെന്ന് യേശു പറഞ്ഞുവെന്നും അങ്ങനെ വാസ്തവത്തിൽ സംഭവിച്ചു എന്നും ബൈബിളിൽ നാം വായിക്കുന്നു. ഈ വിവരണത്തിൽ വലിയൊരു പിശകുണ്ടെന്ന് പ്രസ്താവിച്ചിരിക്കുന്ന ഒരു യൂട്യൂബ് സന്ദേശം ഇപ്പോൾ പ്രചരിക്കുന്നുണ്ട്.

യെഹൂദന്മാർക്ക് കോഴിയിറച്ചി നിഷിദ്ധമായിരുന്നു എന്നും റോമക്കാരും കോഴിയെ ഒരു അശുദ്ധപക്ഷിയായിട്ടാണ് പരിഗണിച്ചിരുന്നതെന്നും പലസ്തീൻ നാട്ടിലെ ജനങ്ങൾക്കും റോമൻപടയാളികൾക്കും കോഴിയെക്കുറിച്ച് അറിവില്ലായിരുന്നു എന്നുമാണ് ഈ സന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. കോഴിയുടെ കൂകലിനെക്കുറിച്ചുള്ള സുവിശേഷങ്ങളിലെ പരാമർശം വാസ്തവത്തിൽ കോഴിയുടെ കൂകലിനെക്കുറിച്ചായിരുന്നില്ല; പിന്നെയോ, റോമൻപട്ടാളക്കാരുടെ ഡ്യൂട്ടിസമയം മാറുന്നതിന്റെ സൂചനയായി മുഴക്കുകപതിവായിരുന്ന ബ്യൂഗിളിൽനിന്നുള്ള ശബ്ദം (കുഴൽശബ്ദം) മാത്രമായിരുന്നു എന്നാണ് യൂട്യൂബ്സന്ദേശത്തിൽ പറയുന്നത്.

ഈ ആശയം സത്യം തന്നെയോ എന്നു നാം പരിശോധിക്കുമ്പോൾ കണ്ടെത്തുന്നത് എന്താണ്? Flesh of birds jews were permitted to eat എന്ന് ടൈപ്പ് ചെയ്ത് Google-ൽ search ചെയ്യുമ്പോൾ, യെഹൂദന്മാർക്ക് കോഴിയിറച്ചിയും കോഴിമുട്ടയും നിഷിദ്ധമല്ലായിരുന്നുവെന്നും അവർ അതൊക്കെ ഭക്ഷിക്കുന്നവരായിരുന്നു എന്നുമാണ് നാം കണ്ടെത്തുന്നത്. മുട്ടയ്ക്കുവേണ്ടി കോഴിയെ വളർത്തുന്ന രീതി ലോകമെമ്പാടും പണ്ടുകാലം മുതൽക്കെ ഉണ്ടായിരുന്നു. കോഴിവളർത്തൽ പാടില്ലാത്ത കാര്യമാണെന്ന് ലോകത്തിൽ ഒരിടത്തും ഒരിക്കലും ആരും ചിന്തിക്കുകയോ പഠിപ്പിക്കുകയോ ചെയ്തിട്ടില്ല.

കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിലിരുത്തി സംരക്ഷിക്കുന്ന കാര്യം മത്തായി 23:37 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതും, ലൂക്കൊസ് 11:12 ൽ മക്കൾ മാതാപിതാക്കളോട് ചോദിച്ചുവാങ്ങിക്കുന്ന നല്ല ഭക്ഷണം എന്ന നിലയിൽ കോഴിയുടെ മുട്ടയെക്കുറിച്ച് പറഞ്ഞിരിക്കുന്നതുമൊക്കെ എന്താണ് തെളിയിക്കുന്നത്? ഭക്ഷണത്തിനായി വളർത്തുന്ന പക്ഷി എന്ന നിലയിൽ

കോഴിയെക്കുറിച്ചുള്ള വ്യക്തമായ അറിവ് പലസ്തീൻ നാട്ടിൽ ജീവിച്ചിരുന്ന സകല മനുഷ്യർക്കും ഉണ്ടായിരുന്നു എന്നല്ലേ?

യഥാർത്ഥ വസ്തുത ഇങ്ങനെ ആയിരിക്കുമ്പോൾ, പലസ്തീൻ നാട്ടിൽ ജീവിച്ചിരുന്ന യെഹൂദന്മാർക്ക് കോഴിയെക്കുറിച്ച് യാതൊരു അറിവും ഇല്ലായിരുന്നു എന്ന് അവകാശപ്പെട്ടുകൊണ്ടുള്ള യൂട്യൂബ് സന്ദേശം എന്തുകൊണ്ടാണ് സമൂഹമദ്ധ്യേ പ്രചരിച്ചുകൊണ്ടിരിക്കുന്നത്? സത്യമെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുത വാസ്തവത്തിൽ തെറ്റാണെന്ന് കണ്ടുപിടിച്ചുവെന്ന് വെറും സങ്കൽപത്തിന്റെ അടിസ്ഥാനത്തിൽ അസത്യപ്രസ്താവന ഇറക്കിയാൽ ആ പ്രസ്താവനയ്ക്കു വലിയ പ്രചാരം ലഭിക്കും എന്നു മാത്രമാണ് അത് തെളിയിക്കുന്നത്.

'പരിണാമസിദ്ധാന്തം' എന്ന പേരിൽ അറിയപ്പെടുന്നതും ശാസ്ത്രത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾക്ക് വിരുദ്ധമായതും ജീവകോശത്തിന്റെ അടിസ്ഥാനഘടകങ്ങളിൽ വളരെ പ്രധാനപ്പെട്ടതുമായ DNAയെക്കുറിച്ച് ഇന്ന് നമുക്ക് ലഭിച്ചിട്ടുള്ള അറിവിൻപ്രകാരം, ശരിയായിരിക്കാൻ തികച്ചും അസാദ്ധ്യവുമായ ആശയമാണ് ചാൾസ് ഡാർവിൻ ഉന്നയിച്ച പരിണാമസിദ്ധാന്തം. ഭൂമിയും അതിലെ ജീവജാലങ്ങളുമെല്ലാം ദൈവത്തിന്റെ സൃഷ്ടികളാണെന്നുള്ള ബൈബിളിലെ ആശയം തെറ്റാണെന്ന് കണ്ടുപിടിച്ചിരിക്കുന്നു എന്നുള്ള പരോക്ഷമായ അവകാശവാദമാണ് ചാൾസ്ഡാർവിന്റെ 'സിദ്ധാന്ത'ത്തിന് പ്രചുരപ്രചാരം നേടിക്കൊടുത്തത്.

ഡാർവിന്റെ 'സിദ്ധാന്തം' ഒരു ശാസ്ത്രസിദ്ധാന്തമേ അല്ല എന്നും വാസ്തവത്തിൽ അത് യുക്തിഹീനമായ ഒരു കഥ മാത്രമാണെന്നും ബൈബിൾ സ്റ്റഡി സെന്റർ, മണ്ണുത്തി, തൃശ്ശൂർ പ്രസിദ്ധീകരിച്ചിട്ടുള്ള 'ആധുനികലോകം ചരിത്രസത്യങ്ങൾ' എന്ന പുസ്തകത്തിന്റെ അവസാനഭാഗത്ത് കൊടുത്തിരിക്കുന്ന പരിണാമസിദ്ധാന്തം എന്ന അനുബന്ധത്തിൽ സംശയരഹിതമായി തെളിയിച്ചിട്ടുണ്ട്. [ഈ പുസ്തകം സംബന്ധിച്ച വിശദവിവരങ്ങൾക്ക് 85906 02450 എന്ന WhatsApp നമ്പറിൽ അന്വേഷിച്ചാൽ മതിയാകും]

ഇപ്പോൾ യൂട്യൂബിലൂടെ പ്രചാരം നേടിയിരിക്കുന്ന കോഴിയെ 'പരിണമിപ്പിച്ച്' ബ്യൂഗിൾ ആക്കിയിരിക്കുന്ന കഥയും, കുരങ്ങിനെ 'പരിണമിപ്പിച്ച്' മനുഷ്യന്റെ വല്യപ്പച്ചൻ ആക്കിയിരിക്കുന്ന ഡാർവിന്റെ കഥയും വാസ്തവത്തിൽ യുക്തിക്കും ബുദ്ധിക്കും നിരക്കാത്ത വെറും കഥകൾ തന്നെയാണ്, സംശയമില്ല. ❍

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക**
**മാസിക അതിൽ നേരത്തേ ലഭിക്കും**

## സുവിശേഷകൻ

# എം. എ. ജോസ്

## (അനുസ്മരണം)



---

### എം.എ. ജോയ്, തൃശ്ശൂർ

കുന്ദംകുളത്ത് മാളിയേക്കൽ ചാക്കോ അബ്രഹാമിന്റെയും, ഭാര്യ തൃശ്ശൂർ ചെറുവത്തൂർ ഇനാശു മകൾ മറിയത്തിന്റെയും ഏഴ് മക്കളിൽ ആറാമത്തേതായി എം. എ. ജോസ് 1943 മെയ് 10-ാം തീയതി തൃശ്ശൂർ പട്ടണത്തിൽ ജനിച്ചു. ജോസിന്റെ പിതാവ് നല്ലൊരു തുന്നൽക്കാരൻ (tailor) ആയിരുന്നു. ജോസിന് ആറ് വയസ്സുള്ളപ്പോൾ തന്റെ പിതാവ് ഒരു അപകടത്തിൽ പെട്ട് മരിച്ചു. അതിനെത്തുടർന്ന് അമ്മയും ഏഴ് മക്കളും ദാരിദ്ര്യത്തിലേക്ക് ആണ്ടുപോയി. അപ്പൻ മരിച്ച് രണ്ടു വർഷം കഴിഞ്ഞപ്പോൾ ജോസിന്റെ മൂത്ത പെങ്ങൾ എൽസി ടൈഫോയിഡ് പനി ബാധിച്ചു മരിച്ചു. വിരഹദുഃഖവും കടുത്ത പട്ടിണിയും നിമിത്തം അമ്മയും മക്കളും ആകെ തകർന്നു.

ജോസ് തന്റെ പതിമൂന്നാമത്തെ വയസ്സു മുതൽ ഒളിച്ചോടിപ്പോകാൻ തുടങ്ങി. മൂന്നു പ്രാവശ്യം താൻ അങ്ങനെ നാടുവിട്ടു പോയിട്ടുണ്ട്. കോയമ്പത്തൂരിൽ പോയി കുറച്ചുനാൾ ഹോട്ടലിൽ ജോലി ചെയ്തു മടങ്ങിവരും. അറുപട്ടിണിക്ക് ജോസ് കണ്ട പരിഹാരമായിരുന്നു അത്. ബാല്യം മുതൽ തന്നെ ജോസിന് ദൈവഭയം ഇല്ലാതായി. അർദ്ധരാത്രിയിലെ ഇരുട്ടിനേയോ, പിശാചിനേയോ, പാമ്പ് മുതലായ വിഷജന്തുക്കളേയോ, റൗഡികൾ, ഗുണ്ടകൾ എന്നീ സാമൂഹ്യവിരുദ്ധരേയോ ജോസിന് തീരെ ഭയമില്ലായിരുന്നു. പലരുമായുള്ള വഴക്കും അടിപിടിയുമായി തന്റെ മാതാവിന് ഒരു സ്വസ്ഥതയും ഇല്ലായിരുന്നു.

ജോസ് നല്ലൊരു ഫുട്ബോൾ കളിക്കാരനായിരുന്നു. അതിന്റെ പേരിൽ ജോസിന് പട്ടാളത്തിൽ പ്രവേശനം ലഭിച്ചു. എന്നാൽ പൂനെയിൽ വച്ച് ട്രെയിനിംങ് സമയത്ത് മേലുദ്യോഗസ്ഥൻ ജോസിന്റെ തന്തയ്ക്കു വിളിച്ചപ്പോൾ അയാളെ കയ്യേറ്റം ചെയ്ത് ജോസ് ഒളിവിൽ പോയി. രണ്ടു വർഷം മുഴുവൻ ജോസിനെക്കുറിച്ച് ഒരു വിവരവുമില്ലായിരുന്നു. അന്ന് ഞാൻ സെക്കന്ത്റാബാദിൽ ഇന്ത്യൻ എയർഫോഴ്സിൽ ആയിരുന്നു. ഞാൻ ബാംഗ്ലൂരുള്ള ഇളയപ്പന്റെ വീട്ടിൽ എത്തിയപ്പോൾ ഞെട്ടിപ്പോയി. എന്റെ അനുജൻ ജോസ് തല മുണ്ഡനം ചെയ്ത് വേഷത്തിൽ വ്യത്യസ്തനായി അവിടെ ഒളിവിൽ താമസിക്കുന്നു!

ഞാൻ ജോസിനോട് സ്വമേധയാ കീഴടങ്ങുവാൻ ഉപദേശിച്ചു. അതിൻപ്രകാരം അവൻ പൂനെയിൽ പോയി പട്ടാളത്തിന് കീഴടങ്ങി. അവർ അവനെ മിലിറ്ററി ജയിലിൽ അടച്ചു. ഞങ്ങളുടെ മൂത്ത ജ്യേഷ്ഠൻ എം.എ. ചാക്കോ പൂനെയിലെ മിലിറ്ററി ജയിലിൽ കഴിയുന്ന ജോസിനെ സന്ദർശിക്കാൻ ഒരു ദൈവദാസനെ ക്രമീകരിച്ചു. ആ ദൈവദാസന്റെ ഇടപെടലിനെത്തുടർന്ന് അവന് പൂർണ്ണമാറ്റം സംഭവിച്ചു. നാട്ടിൽ വന്ന്, തൃശ്ശൂർ കിഴക്കേകോട്ട സഭയോടു ചേർന്നു സ്നാനപ്പെട്ടു. അന്ന് 25 വയസ്സ് മാത്രമുള്ള ജോസ് തന്റെ ശിഷ്ടായുസ്സ് മുഴുവനും ദൈവത്തെ സേവിക്കുവാൻ തീരുമാനിച്ചു. കോട്ടയത്ത് വി.റ്റി. മത്തായച്ചന്റെ നേതൃത്വത്തിൽ നടന്നിരുന്ന ബ്രദറൺ ബൈബിൾസ്കൂളിൽ ചേർന്ന് പഠിച്ചു.

അവിടെവച്ച് ജോസിന് മുഴുസമയ സുവിശേഷവേലയ്ക്കുള്ള വിളി ഉറപ്പായി. 1966 ൽ രാജസ്ഥാനിലെ അൽവാറിൽ യു.എം. ദ്വരൈരാജ് എന്ന ബ്രദറൺസുവിശേഷകനെ സുവിശേഷവിരോധികൾ കൊന്നുകളഞ്ഞ കാര്യം ആ നാളുകളിലാണ് ജോസ് കേട്ടത്. പരിശുദ്ധാത്മാവ് അവന്റെ ഹൃദയത്തിൽ വെല്ലുവിളിച്ചു: നിന്റെ നെഞ്ചൂക്കും ധൈര്യവുമെല്ലാം വടക്കെ ഇന്ത്യയിൽ സുവിശേഷവയലിൽ വെളിപ്പെടുത്താമോ? ജോസ് ആ വെല്ലുവിളി ഏറ്റെടുത്ത്, 1969 ൽ തൃശ്ശൂർ കിഴക്കേകോട്ട സഭയുടെ അംഗീകാരത്തോടെ മുഴുസമയ സുവിശേഷകനായി രാജസ്ഥാനിലെ അൽവാറിലേക്ക് പോയി. തുടർന്ന് ഭരത്പൂരിലേക്കും താമസിയാതെ ആഗ്രയിലേക്കും മാറി സുവിശേഷവേലയിൽ തുടർന്നു. 1970 ൽ തൃശ്ശൂർ സഭയിലെ വടക്കൻ തോമസ്, ഏലമ്മ ദമ്പതികളുടെ മകൾ ഗ്രെയ്സിയെ വിവാഹം കഴിച്ചു. സി.റ്റി. മത്തായച്ചന്റെ മകളുടെ മകളായിരുന്നു ഗ്രെയ്സി. ഒരു മകനും ഒരു മകളും അവർക്ക് ജനിച്ചു.

ആഗ്രയിലെ ജോസിന്റെ സുവിശേഷവേല അതിശക്തവും മനോഹരവുമായിരുന്നു. ആഗ്രയിൽ ഒരു സ്ഥലംസഭ രൂപീകരിച്ചു. അങ്ങനെ കുടുംബമായും സഭയായും സന്തോഷത്തോടെ പോകുമ്പോൾ, 1979 ൽ തന്റെ ഭാര്യ ഗ്രെയ്സി ടൈഫോയിഡ് ന്യൂമോണിയ ബാധിച്ചു മരിച്ചു. ജോസ് അസാമാന്യ ധീരനായിരുന്നുവെങ്കിലും ഗ്രെയ്സിയുടെ മരണം അവന് താങ്ങാനായില്ല. ആഗ്ര വിട്ട് മറ്റൊരിടത്തേക്ക് മാറണമെന്ന് അതിയായി ആഗ്രഹിച്ചു. അമേരിക്കയിൽനിന്ന് ഇന്ത്യയിൽ മടങ്ങിവന്ന ഡോ. സി.വി. ബേബിസഹോദരനെ ആഗ്രയിലെ സ്ഥലംസഭ ഏല്പിച്ച്, ജോസ് ഝാൻസിയിലേക്കും അവിടെനിന്ന് കാൺപൂരിലേക്കും മാറി പ്രവർത്തനം തുടർന്നു. 1981 ജനുവരി 17 ന് അങ്കമാലിയിൽ ചക്കാലമറ്റം സി.പി.വർക്കിസഹോദരന്റെ മകൾ സാറാമ്മയെ വിവാഹം കഴിച്ചു. അവർക്ക് ഒരു മകനുണ്ടായി. ജോസിന്റെ മൂന്നു മക്കളും ഇന്ന് വിവാഹിതരും മാതാപിതാക്കളുമാണ്.

1983 ൽ ജോസ് തൃശ്ശൂരിൽ വന്ന് മാതൃസഭയോട് ചേർന്നു. 1993 ൽ ജോസിനെ ഒരു മൂപ്പനായി സഭ അംഗീകരിച്ചു. 26 വർഷം കഴിഞ്ഞ് 2019 ൽ ജോസ് മൂപ്പൻസ്ഥാനത്തുനിന്നു പിന്മാറി. സഭയിലെ എല്ലാ ശുശ്രൂഷകൾക്കും അദ്ദേഹം പ്രാപ്തനായിരുന്നു. ജോസ് ഒരു പ്രാർത്ഥനാപുരുഷനായിരുന്നു എന്നു പറഞ്ഞാൽ അത് അതിശയോക്തിയല്ല. 2015 ൽ ഒരു പ്രത്യേക സാഹചര്യത്തിൽ എന്നോടു ചില കാര്യങ്ങൾ പറഞ്ഞു. ആ നാളുകളിൽ തനിക്കു ലഭിക്കുന്ന പണത്തിൽ 30 % 'ദൈവത്തിന്റെ' എന്നെഴുതിയ ടിന്നിൽ ഉടനെ നിക്ഷേപിക്കും. അത് ദൈവ വകക്കു മാത്രം ഉപയോഗിക്കും. ഒഴിച്ചുകൂടാത്ത സന്ദർഭങ്ങളിൽ അതിൽനിന്ന് കടം എടുക്കും. അത് കൃത്യമായി എഴുതിവച്ച്, കാശ് കിട്ടുമ്പോൾ ബാങ്ക്പലിശ ചേർത്ത് സംഖ്യ വീണ്ടും ടിന്നിൽ നിക്ഷേപിക്കും. ഒടുവിലത്തെ വർഷങ്ങളിൽ 50 % ദൈവ വകയ്ക്കായി നീക്കിവച്ചിരുന്നു എന്നാണ് ഞാനറിഞ്ഞത്.

വെളിപ്പാട്പുസ്തകത്തെ അധികരിച്ചുള്ളതുൾപ്പെടെ എട്ടു പുസ്തകങ്ങൾ ജോസ് രചിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജോസിന്റെ ശുശ്രൂഷയിൽ ഏറ്റവും വിലപ്പെട്ടത്, സഭയിലെ 170ൽ പരം ഭവനങ്ങളും, പ്രത്യേകാൽ സാമ്പത്തികശേഷി കുറഞ്ഞ കുടുംബങ്ങൾ, താൻ ക്രമാനുഗതമായി സന്ദർശിച്ചുകൊണ്ടിരുന്നു എന്നതാണ്. ഒടുവിൽ 2025 മാർച്ച് 29 ന് രാവിലെ ഭവനങ്ങൾ സന്ദർശിച്ച് യാത്ര ചെയ്യുമ്പോൾ ഒരു കാർ തന്റെ സ്കൂട്ടറിൽ ഇടിച്ച് താൻ തെറിച്ചുവീണു. ജോസിനെ ആശുപത്രയിലെത്തിച്ച് വെന്റിലേറ്ററിൽ കിടത്തിയെങ്കിലും പിറ്റെ ദിവസം 2025 മാർച്ച് 30 ഞായർ രാവിലെ 7.57 ന് , 56 ദീർഘവർഷത്തെ കർത്തൃസേവ തികച്ച് തന്റെ 82-ാം വയസ്സിൽ, ജോസ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഏപ്രിൽ 2 ബുധനാഴ്ച അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യസഹകരണത്തിൽ, ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ മൃതദേഹം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ■

## മുറ്റത്തെ മുല്ലയ്ക്ക് മണമുണ്ടായിരുന്നു

**മോൻസൻ ഐസക്**

(സുവിശേഷകൻ, താളിക്കോട് ഇമ്മാനുവൽ ബ്രദറൺ ചർച്ച്)

എം.എ. ജോസേട്ടൻ എന്ന സുവിശേഷകനെ നന്നായി മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ സംസ്കാരശുശ്രൂഷയിൽ പങ്കെടുക്കേണ്ടിവന്നു. അങ്ങനെയല്ല വേണ്ടത് എങ്കിലും അങ്ങനെയാണല്ലോ പൊതുവെ സംഭവിക്കുന്നത്. ഈ ലോകത്തിന് അനുരൂപനാകാതെയും (റോമർ 12:2), ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ല (യോഹ.17:14) എന്നു യേശുക്രിസ്തു പറഞ്ഞതിനെ നെഞ്ചേറ്റിയും ജീവിച്ച ആ ജീവിതം ധന്യമായിരുന്നു. ❍

# ഇമ്മാനുവിന്റെ സംശയങ്ങൾ 46

എംവിഎസ്

## ജഡ്ജിയുടെ അന്ധവിശ്വാസം!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

സ്കൂളിൽനിന്ന് വന്നയുടനെ ബാഗ് കട്ടിലിന്മേൽ വലിച്ചെറിഞ്ഞ് അടുക്കളയിലേക്ക് പായുന്ന സ്വഭാവം ഇന്ന് അവൻ തെറ്റിച്ചു. പകരം അവൻ എന്റെയടുത്തേക്ക് ഓടിവന്നു.

എന്റെ മോൻ... ഇമ്മാനു. നാലാം ക്ലാസ്സിൽ പഠിക്കുന്നു. സംശയത്തിന്റെ വലിയൊരു കുണ്ട് എന്നോ മല എന്നോ വിളിക്കാവുന്ന പ്രകൃതം.

"പപ്പാ, തൂക്കിക്കൊല്ലാൻ വിധി പറഞ്ഞ് അതിൽ ഒപ്പ് വച്ചതിനു ശേഷം ജഡ്ജിമാർ എന്തിനാണ് ആ പേനയുടെ മുന കുത്തിയൊടിച്ചുകളയുന്നത്?"

"കുറ്റവാളിയോടുള്ള ദേഷ്യം കൊണ്ടായിരിക്കും'' ഞാൻ മറുപടി നൽകി.

അയൽവാസികളായ അന്ത്രോസ്ബ്രദറും ഇറ്റ്യാനംചേടത്തിയും കീരിയും പാമ്പും പോലെയാണ്. പക്ഷേ അന്ന് രണ്ടുപേരും ഒരുമിച്ച് ചിരിച്ചുകളിച്ചുകൊണ്ടാണ് വന്നത്. നീലക്കുറിഞ്ഞി പൂക്കുന്നതുപോലെ വല്ലപ്പോഴും സംഭവിക്കുന്ന കാര്യമാണത്.

ഇമ്മാനു അവരോട് തന്റെ സംശയം ചോദിച്ചു. തന്റെ ജ്ഞാനം പുറത്തു കാണിക്കാൻ നല്ലൊരു അവസരം കിട്ടിയ സന്തോഷം അന്ത്രോസ്ബ്രദറിന്റെ മുഖത്തുണ്ടായിരുന്നു.

"ഇറ്റ്യാനത്തിന് അറിയാമെങ്കിൽ പറഞ്ഞുകൊടുക്ക്" എന്നു പറഞ്ഞ് അന്ത്രോസ്ബ്രദർ തന്റെ പക്വത പ്രദർശിപ്പിച്ചു.

നിഷ്കളങ്കഭാവത്തോടെ ഇറ്റ്യാനം കൈമലർത്തി.

അറിവ് നിറച്ച വലിയൊരു കണ്ടെയ്നർ ലോറിയാണെന്ന ഭാവത്തിൽ അന്ത്രോസ്ബ്രദർ ഞെളിഞ്ഞുനിന്ന് പറഞ്ഞു:

''അതേ, ഇമ്മാനുട്ടാ, ഒരാളെ കൊല്ലാനുള്ള വിധിന്യായത്തിൽ ഒപ്പിട്ട ആ പേന മറ്റൊരാവശ്യത്തിനും ഉപയോഗിക്കരുത്. അതുകൊണ്ടാണ് ആ പേനയുടെ നിബ്ബ് ജഡ്ജിമാർ കുത്തിയൊടിക്കുന്നത്."

ഇത് കേട്ടതോടെ ഇറ്റ്യാനം പെട്ടെന്നു പ്രതികരിച്ചു: "അങ്ങനെയാണെങ്കിൽ ആ ജഡ്ജിയേമാൻ അങ്ങേരുടെ വലതുകൈ കുത്തിയൊടിക്കേണ്ടതല്ലേ? ആ കൈകൊണ്ടാണല്ലോ പേന പിടിച്ചത്?"

താൻ സ്കോർ ചെയ്തുവെന്ന ധാരണയിൽ നിൽക്കുമ്പോൾ പെട്ടെ

ന്ന് വന്ന ഇറ്റ്യാനത്തിന്റെ തഗ്ഗ് കേട്ട് അന്ത്രോസ്ബ്രദർ നീരസത്തോടെ ഇറ്റ്യാനംചേടത്തിയെ നോക്കി.

കറുത്ത കണ്ണടയും വായിൽ ബീഡിക്കുറ്റിയും ആയി നിൽക്കുന്ന ഇറ്റ്യാനം... അന്ത്രോസ്ബ്രദർ തല കുടഞ്ഞു. വീണ്ടും നോക്കിയപ്പോൾ മോണ കാട്ടി ചിരിച്ചുനിൽക്കുന്ന ഇറ്റ്യാനത്തെയാണ് കണ്ടത്.

അപ്പോഴേക്കും വന്നു ഇമ്മാനുവിന്റെ പുത്തൻ സംശയം: "മാത്രമല്ല, ആ വിധിന്യായം പുറപ്പെടുവിക്കാൻ ഇരുന്ന കസേര അടിച്ചുതകർക്കേണ്ടതല്ലേ? ഇനിയൊരിക്കലും ആ കസേര ഒന്നിനും ഉപയോഗിക്കാൻ പാടില്ലല്ലോ."

"കറക്റ്റ്..." ഇറ്റ്യാനം അത് ശരിവച്ചു.

"ആ വിധിന്യായം വായിച്ച ജഡ്ജിയേമാന്റെ നാക്ക് പിഴുതെടുക്കേണ്ടതല്ലേ?" ദേ വീണ്ടും ഇമ്മാനുവിന്റെ ചോദ്യം.

അന്ത്രോസ്ബ്രദർ എന്തുപറയണമെന്നറിയാതെ പകച്ചുനിൽക്കുമ്പോൾ, മൂപ്പന്റെ സ്കൂട്ടറിന്റെ ശബ്ദം കേട്ടു.

എല്ലാവരും അങ്ങോട്ട് നോക്കി. മൂപ്പനെ കണ്ടപ്പോൾ അന്ത്രോസ്ബ്രദറിന് ആശ്വാസം.

ഇമ്മാനു കാര്യങ്ങൾ മൂപ്പനോട് പറഞ്ഞു. മൂപ്പൻ ഒന്നു ചിരിച്ചു. എന്നിട്ട് മറുപടി പറയാൻ തുടങ്ങി:

"വധശിക്ഷ വിധിച്ചശേഷം ആ പേനയുടെ മുന ഒടിച്ചുകളയുന്ന രീതി ബ്രിട്ടീഷുകാരുടെ കാലം മുതൽക്കേ ഉണ്ടെന്നു കരുതപ്പെടുന്നു. ഒരാളുടെ ജീവനെടുക്കാൻ വിധിച്ചതുകൊണ്ട്, ഇനിയും അങ്ങനെ സംഭവിക്കരുതെന്ന ആഗ്രഹം കൊണ്ടാണത്രേ പേനയുടെ മുന ഒടിക്കുന്നത്."

"ആ വിധിന്യായം പുനഃപരിശോധിക്കാൻ ആഗ്രഹമില്ല എന്ന സന്ദേശവും അതിലുണ്ട് എന്നാണ് ചിലർ പറയുന്നത്. അതുകൊണ്ട് പേനയുടെ മുന കുത്തിയൊടിക്കുന്നു."

"ഒരാളുടെ ജീവനെടുക്കാനുള്ള വിധിന്യായത്തിൽ ഒപ്പുവയ്ക്കേണ്ടിവന്നതിലെ തന്റെ സങ്കടം നിമിത്തമാണ് ആ പേന ഒടിച്ചുകളയുന്നതെന്നും ചിന്തിക്കുന്നവരുണ്ട്."

അപ്പോഴേക്കും നമ്മുടെ ഇമ്മാനു: "അയ് ശരി, അപ്പൊ കസേര ഒടിച്ചുകളയേണ്ടതല്ലേ? നാവ് പിഴുതെറിയേണ്ടതല്ലേ?"

"മിണ്ടാതിരിക്കെടാ..." ഞാനലറി. "തോക്കിന്റെ ഉള്ളിൽ കേറി വെടിവയ്ക്കാതെടാ..."

മൂപ്പൻ തുടർന്നു: "എന്തൊക്കെ മുടന്തൻ ന്യായീകരണങ്ങൾ പറഞ്ഞാലും, ആ പേനയുടെ മുന ഒടിച്ചുകളയുന്നത് ശരിയല്ല. ജഡ്ജിമാരുടെ അന്ധവിശ്വാസമാണ് അത് തെളിയിക്കുന്നത്."

"നല്ലൊരു പേന വെറുതെ നശിപ്പിച്ചുകളയുന്നത് എന്തിന്? വസ്തുക്കൾ പാഴാക്കിക്കളയുന്നത് ശരിയായ സ്വഭാവമല്ല. വിധിന്യായം പുറപ്പെടുവിക്കുന്ന ജഡ്ജിമാർ തന്നെ ഇതുപോലെ തുടങ്ങിയാൽ..." ❍

## www.reallifevoice.in

**എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism:
    How Was It Taught and Practiced in the First Century?
24. The Search for Truth

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th May 2025

Posted at
Thrissur RMS

**ആനുകാലികം**

## എന്തു സുഖമെടോ, ദുഷ്ടനേ!

കശ്മീരിന്റെ പ്രകൃതിസൗന്ദര്യം ആസ്വദിക്കാൻ എത്തിയ വിനോദ സഞ്ചാരികൾക്കു നേരെ ഒരു കൂട്ടം അധമന്മാർ വെടിയുതിർത്തു. 2025 ഏപ്രിൽ 23 നാണ് ഈ ഹീനമായ കൃത്യം നടന്നത്. ജമ്മുകാശ്മീരിലെ പഹൽഗാമിൽ 26 പേർ ദാരുണമായി കൊല്ലപ്പെട്ടു. ആറ് ദിവസം മുമ്പ് വിവാഹിതരായ ദമ്പതികളിൽ ഭർത്താവിനെ അവർ വെടിവച്ചുകൊന്നു. ഭർത്താവിന്റെ ചേതനയറ്റ ശരീരത്തിന്നടുത്ത് ഹൃദയം തകർന്ന് മരവിച്ച ശരീരവുമായി ഇരിക്കുന്ന നവവധുവിന്റെ ചിത്രം ഒരു നീറ്റലായി ഓരോ ഭാരതീയന്റേയും ഹൃദയത്തിൽ എന്നുമുണ്ടാകും.

നിരപരാധികളായ ആളുകളെ നിർദ്ദയം വെടിവച്ചുകൊല്ലുന്നതുകൊണ്ട് ഈ നരാധമന്മാർക്ക് എന്ത് സുഖവും സംതൃപ്തിയുമാണ് ലഭിക്കുന്നത്? ഏതു പുസ്തകമാണ് ഇവരെ ഈ വിധത്തിൽ അധമന്മാരും ചോരക്കൊതിയന്മാരുമാക്കി മാറ്റുന്നത്? ഏത് മതനേതാവിന്റെ ഉപദേശങ്ങളാണ് ഇവരെ ഈ വിധത്തിൽ കൊലപാതകികളും തെമ്മാടികളും ആക്കി മാറ്റുന്നത്? കശ്മീരിലെ സമാധാനമല്ല, ഇന്ത്യയിലെ സമാധാനമല്ല, ലോകത്തിന്റെ മൊത്തം സമാധാനം തന്നെ നശിപ്പിക്കുന്ന തീവ്രവാദികളും ഭീകരവാദികളും ഏത് മതത്തിൽ പെട്ടവരാണ്?

ഏത് പുസ്തകം? ഏത് മതനേതാവ്? ഏത് മതം? ഉത്തരം കണ്ടെത്തി നാം നെടുവീർപ്പിടുക. നാം കരുതിയിരിക്കുക. അവർക്ക് നല്ല ബുദ്ധി വരുവാൻ പ്രാർത്ഥിക്കുക. സമാധാനത്തെ ഉയർത്തിപ്പിടിച്ച് നടക്കുന്നവർ അക്കൂട്ടത്തിലുമുണ്ട്. പക്ഷേ കുറച്ചുപേർ മതിയല്ലോ മൊത്തം നശിപ്പിക്കാൻ! പഹൽഗാമിൽ മനുഷ്യക്കുരുതി നടത്തിയവരെ അങ്ങേയറ്റം അവജ്ഞയോടെ മാത്രമേ നമുക്ക് കാണാനാകൂ.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V